# മഹാഭാരതത്തിലെ അനൃശംസ്യ സങ്കൽപം

(മുകുന്ദ് ലാത്ത്)

(വിവർത്തനം - എ. പുരുഷോത്തമൻ)

ഈ സദസ്സിൽ, അസ്തിത്വത്തെയും പരിണാമത്തെയും കുറിച്ചു ചില സംഭാഷണങ്ങളുണ്ടായി. എന്നാൽ എന്റെ ലേഖനം, വാസ്തവത്തിൽ ഇതിനെക്കുറിച്ചല്ല. ഏറിവന്നാൽ, ഇത് ജീവിതപൂർണ്ണതയെക്കുറിച്ചാണെന്നു മാത്രം പറയാം. ഒരു തത്വശാസ്ത്രസങ്കൽപമെന്ന നിലയില്ലാതെ, ഒന്നു തുടങ്ങാൻ മാത്രം, സത്തയേയും പരിണാമത്തേയും കുറിച്ച് ഞാൻ അൽപമൊന്നു സംസാരിക്കാം. മഹാഭാരതം നമ്മുടെ ജീവിതത്തിലുണ്ടായിരുന്നു എന്നും, നമ്മുടെ ജീവിതത്തിന്റെ പല തുറകളിലും, മഹാഭാരതം, പരിവർത്തനത്തിന്റെ ഒരു തരത്തിലുള്ള ഉറവിടമായി വർത്തിക്കുന്നു എന്നും ഞാൻ എടുത്തു പറയാൻ ആഗ്രഹിക്കുന്നു. ഉദാഹരണമായി, കലയിൽ, പരിവർത്തനത്തിന്റെ ഉറവിടമായി, നാം ഒട്ടേറെ അവസരങ്ങളിൽ മഹാഭാരതം ഉപയോഗിച്ചിട്ടുണ്ട്. സാഹിത്യത്തിൽ, മഹാഭാരതം പുതിയ സൃഷ്ടികളുടെ പ്രചോദനമായിട്ടുണ്ട്. മഹാഭാരതം ചിന്തകളുടെ ഉറവിടവും കൂടിയാവാം എന്നു ഞാൻ വിചാരിക്കുന്നു. നവചിന്തകൾക്ക് പ്രചോദനം നൽകുന്നതിന്, നാം ഇന്നേ വരെ മഹാഭാരതം ഉപയോഗിച്ചിട്ടില്ല. മഹാഭാരതം, തീർച്ചയായും, ചിന്താഭരമായ ഒരു കൃതിയാണ്. അത്, വെറുമൊരു ഇതിഹാസം മാത്രമല്ല. വാസ്തവത്തിൽ, മഹാഭാരതത്തിന് എതിരായി ഉയരുന്ന ഒരു വിമർശനം അത് അത്യന്തം ചിന്താവിഷ്ടമാണെന്നതത്രേ. അതിന് ഒരു ഇതിഹാസമാവാൻ കഴിയില്ല; അതിൽ ഒരുപാട് ചിന്തകളുണ്ട്. എന്തായാലും എന്റെ ഉദ്ദേശ്യം, നിങ്ങളുടെ മുമ്പിൽ, ഒരു തരത്തിലുള്ള കേന്ദ്രചിന്ത, ഒരു കേന്ദ്ര സങ്കൽപം, അതായത് അനൃശംസ്യ സങ്കൽപം അവതരിപ്പിക്കാനാണ്. എനിക്ക് ഇത് ഒരുതരത്തിലുള്ള കണ്ടെത്തലായിരുന്നു - മഹാഭാരതത്തിലെ "അനൃശംസ്യം" എന്താണെന്ന് മനസ്സിലാക്കാൻ, ഒരുവിധത്തിലുള്ള അന്വേഷണയാത്രയായിരുന്നു എനിക്കിത്. ഈ സങ്കൽപം അടുത്തറിയാൻ കഴിഞ്ഞപ്പോൾ, എനിക്കുണ്ടായ ആഹ്ളാദാവേശങ്ങളുടെ ഒരംശമെങ്കിലും നിങ്ങൾക്കു പകർന്നുതരാൻ സാധിച്ചാൽ, ഞാൻ വളരെ സന്തോഷിക്കും. ഈ സങ്കൽപത്തിൽനിന്ന് ഒരു തത്വശാസ്ത്രം മെനഞ്ഞെടുക്കുവാൻ സാധിച്ചു എന്നു ഞാൻ പറയുന്നില്ല; ഇവിടെ ഞാനതിന് ശ്രമിക്കുന്നുമില്ല. അനൃശംസ്യം ഒരു പുതിയ വാക്കാണ്. അഹിംസയെക്കുറിച്ച് കേട്ടേടത്തോളം, നിങ്ങളധികം പേരും ഈ വാക്കിനെക്കുറിച്ച് കേൾക്കാനിടയില്ല. മഹാഭാരതം സദാചാര പാഠങ്ങളാൽ ഏറെ സമ്പന്നമാണെന്ന് ഞാനിവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. അതിന്റെ സദ്പ്രഭാഷണസമ്പത്തിൽ നിന്ന്, നമ്മുടെ ആധുനിക ഭാഷകൾ ശിക്ഷണം നേടുമെന്ന് ഞാൻ ആശിക്കുന്നു. നമ്മുടെ ഭാഷകളിൽ അത്തരം സമ്പത്തില്ല; അവയ്ക്ക് അത്തരം സമ്പത്തേകുന്ന സങ്കൽപങ്ങളിൽ ഒന്നാണ് അനൃശംസ്യം.

ഞാനെന്തു ചെയ്യണം, നമ്മളെന്തു ചെയ്യണം എന്ന അനശ്വരമായ സദാചാരപ്രശ്നത്തിന് ഉത്തരം കണ്ടെത്താനുള്ള മനുഷ്യാത്മാവിന്റെ മഹോജ്ജ്വലമായ ഒരു സാഹസിക

യാത്രയാണ് മഹാഭാരതത്തിലടങ്ങിയിരിക്കുന്നത് എന്നു ഞാൻ ഊന്നിപ്പറയേണ്ടതില്ല. മഹാഭാരതത്തിന്റെ ഗവേഷണാന്വേഷണങ്ങൾ പണ്ടെന്ന പോലെ ഇന്നും അർത്ഥവത്താണ്. ഈ ചോദ്യത്തിന് ലളിതസാധാരണമായ ഒരുത്തരം ഇല്ല എന്നും നമുക്കറിയാം; എന്തെന്നാൽ, മനുഷ്യകർമ്മക്ഷേത്രം ധർമ്മസങ്കടങ്ങളാൽ നിറഞ്ഞിരിക്കുന്നു. ധർമ്മം. മനുഷ്യകർമ്മങ്ങളുടേയും, അവയെ നിയന്ത്രിക്കുന്ന നിബന്ധനകളുടേയും നടപ്പുകളേയും പ്രതിനിധീകരിക്കുന്നു. ആന്തരികമായി, ഇതൊരു ധർമ്മസങ്കടക്ഷേത്രം കൂടിയാണ്. കർമ്മപ്രശ്നങ്ങളുടെ സങ്കീർണ്ണതയെപ്പറ്റി, തികച്ചും ബോദ്ധ്യമുള്ളതിനാൽ, മഹാഭാരതം, നമ്മുടെ കർമ്മങ്ങൾക്ക് നേർവഴി കാണിക്കുവാൻ, ഒന്നിലേറെ പരമോന്നതസദാചാര സങ്കൽപങ്ങൾ - പരമധർമ്മങ്ങൾ - നിർദ്ദേശിക്കുന്നു. ഇത്തരത്തിലുള്ള ഒന്നാണ്, ഇതിഹാസത്തിൽ പരോധർമ്മമായി പലപ്പോഴും പ്രശംസിക്കപ്പെട്ട അനൃശംസ്യം. പ്രത്യേകിച്ച്, ഇതിഹാസത്തിൽ പരമധർമ്മമായി, പുകഴ്ത്തപ്പെട്ട മറ്റൊരു പരമോന്നത സദാചാരസങ്കൽപമായ അഹിംസയുമായി ബന്ധപ്പെടുത്തിക്കൊണ്ട്, അനൃശംസ്യത്തിന്റെ അർത്ഥം അന്വേഷിക്കാൻ ഒരു ചെറിയ ലേഖനം രചിക്കാനാണ് ഇവിടെ എന്റെ ശ്രമം.

ആരണ്യപർവ്വത്തിൽ ഒരു യക്ഷൻ സംരക്ഷിക്കുന്ന ഒരു ചെറിയ തടാകത്തിന്റെ കഥ (III 296-298) നമുക്കെല്ലാം അറിയാം. ആ തടാകത്തിലെ ഒരിറക്ക് വെള്ളം, യുധിഷ്ഠിരനൊഴിച്ചുള്ള എല്ലാ പാണ്ഡവരേയും കൊന്നു. എന്നാൽ, യക്ഷന്റെ പ്രശ്നങ്ങൾക്ക് മറുപടി നൽകാൻ കഴിഞ്ഞ യുധിഷ്ഠിരൻ, അവരെയെല്ലാം ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവന്നു. യക്ഷൻ ചോദിച്ച ചോദ്യങ്ങളിലൊന്ന് ഇതായിരുന്നു: *കശ്ച ധർമ്മ പരോ ലോകേ* (III 297. 54). ലോകവാസികളുടെ പരമമായ ധർമ്മം എന്താണ്? യുധിഷ്ഠിരൻ മറുപടി പറഞ്ഞു: *അനൃശംസ്യം പരോ ധർമ്മം*. അനൃശംസ്യമാണ് പരമമായ ധർമ്മം. സംതൃപ്തനായ യക്ഷൻ, നാലു പാണ്ഡവരിൽ, യുധിഷ്ഠിരൻ തെരഞ്ഞെടുക്കുന്ന ഏതെങ്കിലും ഒരാൾക്ക് ജീവൻ തിരിച്ചു നൽകാൻ സന്നദ്ധനായി. തന്റെ ഉപസഹോദരനായ നകുലന്റെ ജീവൻ ആവശ്യപ്പെട്ടുകൊണ്ട്, യുധിഷ്ഠിരൻ വാസ്തവത്തിൽ അനൃശംസ്യം പാലിച്ചു എന്നു പറയപ്പെടുന്നു. ധർമ്മരാജൻ തന്നെയായിരുന്ന യക്ഷൻ, നകുലൻ യഥാർത്ഥത്തിൽ യുധിഷ്ഠിരന് ഏറ്റവും പ്രിയപ്പെട്ടവനോ, ഏറ്റവും ധൈര്യശാലിയോ, ഏറ്റവും ശക്തിശാലിയോ, അല്ല എന്നും, അതിനാൽ തന്റെ സഹോദരന്മാരിൽ വെച്ച് ഏറ്റവും ഉപയോഗകാരിയും അല്ല എന്നും, അയാൾ ശരിയായ സഹോദരൻകൂടി അല്ല എന്നും എടുത്തു പറഞ്ഞുകൊണ്ട് യുധിഷ്ഠിരനെ നിരുത്സാഹപ്പെടുത്താൻ ശ്രമിച്ചു. എന്നാൽ, യുധിഷ്ഠിരൻ തന്റെ തീരുമാനത്തിൽത്തന്നെ ഉറച്ചു നിന്നു. യുധിഷ്ഠിരൻ തന്റെ ധർമ്മം, അതായത് അനൃശംസ്യം വെടിയാൻ തയാറല്ലായിരുന്നു. തന്റെ രണ്ട് അമ്മമാർക്കും - കുന്തിക്കും മാദ്രിക്കും - ജീവനോടെ ഒരു മകൻ ഉണ്ടാവാൻ യുധിഷ്ഠിരൻ ആഗ്രഹിച്ചു, താൻ പറഞ്ഞതാണ് അനൃശംസ്യം എന്നും യുധിഷ്ഠിരൻ നിർബന്ധിച്ചു (III 297, 65-73): പരമോന്നതമായ വീക്ഷണത്തിൽ, അനൃശംസ്യമാണ് പരമമായ ധർമ്മം എന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ട് യക്ഷൻ നകുലനെ ജീവിക്കാൻ അനുവദിച്ചു.

അനൃശംസ്യം എന്നതിന്റെ അർത്ഥത്തെക്കുറിച്ച്, നമുക്ക് ചില സൂചനകൾ, യ

ക്ഷ-യുധിഷ്ഠിര കഥ തരുന്നു. ഇതിഹാസത്തിലുടനീളം, സൂചനകൾ വിപുലീകരിച്ച്, ആഴം നൽകിയിട്ടുണ്ട്. സങ്കൽപങ്ങൾ അന്തർലീനമായ കർമ്മങ്ങളിലൂടെ, സജീവമായ ഒരു കഥയിലൂടെ, മഹാഭാരതം, സദ്സങ്കൽപങ്ങളുടെ അർത്ഥം അനാവരണം ചെയ്യാൻ ഉദ്യമിക്കുന്നു. അവിടെയാണ് അനൃശംസ്യത്തിന്റെ അർത്ഥം അന്വേഷിക്കേണ്ടത്. പ്രത്യേകിച്ചും മഹാഭാരതത്തിന് പുറത്ത്, അതിന് മുമ്പും പിമ്പും ഉള്ള സാഹിത്യത്തിൽ, മഹാഭാരതത്തിലുള്ളേടത്തോളം പ്രാധാന്യം, ഈ വാക്കിനില്ല. നൃശംസമല്ലാത്ത അവസ്ഥ, വീക്ഷണം എന്നാണ് അനൃശംസ്യത്തിന്റെ വാഗർത്ഥം. നൃശംസം എന്ന വാക്ക്, സംസ്കൃത സാഹിത്യത്തിൽ ഏറെ സാധാരണമാണ്. നരനെ ശംസിക്കുന്നയാൾ എന്നാണ് ഇതിന്റെ വാഗർത്ഥം. ഈ അർത്ഥത്തിൽനിന്നും, ദ്രോഹി, വിദ്വേഷി, ക്രൂരൻ, നീചൻ, ദുഷ്ടൻ, ദ്വേഷി മുതലായ അർത്ഥങ്ങളുണ്ടാവുന്നു. അതിനാൽ ഇത്തരം ദോഷങ്ങളില്ലാത്ത വീക്ഷണം എന്ന് അനൃശംസ്യത്തിന് അർത്ഥമുണ്ടാവുന്നു. എന്നാൽ, ഈ വാക്കിന്, വിപരീതസൂചനകളെക്കാളേറെ, അർത്ഥകൽപനകൾ ഉണ്ട്. അത് സന്മനസ്സിനെ, സഹോദരഭാവത്തെ, മറ്റുള്ളവരിൽ അഗാധമായ താത്പര്യത്തെ സൂചിപ്പിക്കുന്നു. അനൃശംസ്യത്തോടൊപ്പം, പലപ്പോഴും കാണുന്ന മറ്റൊരു വാക്കാണ് അനുക്രോശം; മറ്റൊരാളുടെ കൂടെ വിലപിക്കുക, മറ്റൊരാളുടെ വേദന അറിയുക, ഈ അർത്ഥകൽപനകളെല്ലാം ഇതിഹാസകഥകളിൽ വിശദീകരിച്ചിട്ടുണ്ട്. ഈ കഥകളിലൂടെത്തന്നെ, ഞാൻ ചില ഉദാഹരണങ്ങൾ നൽകാം. മിക്കവാറും എല്ലാ കഥകളും ഏറെ പ്രശസ്തങ്ങളാണെന്നു ഞാൻ കരുതുന്നു. അതിനാൽ ഞാൻ അവയുടെ വിശദാംശങ്ങളിലേക്കു കടക്കുന്നില്ല. എന്നാലും ഈ കഥകളെപ്പറ്റിയും, അനൃശംസ്യം എന്ന വാക്ക് ഇവയിൽ പ്രത്യക്ഷപ്പെടുന്ന സന്ദർഭങ്ങളെപ്പറ്റിയും നിങ്ങളെ ഓർമ്മിപ്പിക്കാൻ ഞാൻ ചില സൂചനകൾ തരാം.

ഒരു വനത്തിൽ, തന്നെ നിസ്സഹായയായി, ഏകയായി, ഉപേക്ഷിച്ച്, കടന്നു കളഞ്ഞ നളനെ അന്വേഷിക്കാൻ ദമയന്തി, രാജദൂതരോട്, അവർ പോകുന്ന സ്ഥലങ്ങളിലെല്ലാം, ഈ സന്ദേശം വിളംബരം ചെയ്യാൻ പറയുന്നു.

*അനൃശംസ്യം പരോ ധർമ്മം*

*ത്വത്ത ഏവ ഹി മേ ശ്രുതം* (III 67.15)

(അങ്ങിൽ നിന്നാണ് അനൃശംസ്യമാണ് പരമമായ ധർമ്മം എന്നു ഞാൻ മനസ്സിലാക്കിയത്.) അങ്ങു തന്നെ എനിക്കു പറഞ്ഞുതന്ന അനൃശംസ്യത്തെ, അങ്ങിപ്പോൾ എന്തുകൊണ്ട് വിസ്മരിക്കുന്നു? അവൾ അയാളുടെ അനുക്രോശത്തെപ്പറ്റിയും സംസാരിക്കുന്നു. (III 67.14). അനൃശംസ്യവും അനുക്രോശവും ഒന്നിച്ച് പോവുന്നതായി കാണാം. യഥാർത്ഥത്തിൽ കലി നളനെ ആവേശിച്ചപ്പോൾ, (III 56.3) അനൃശംസ്യത്തിൽ പ്രവർത്തിക്കാനുള്ള മനഃശ്ശക്തിയാണ് നളന് നഷ്ടമായത്. ഈ കഥ സൂചിപ്പിക്കുന്നതും ഇതാണെന്നു തോന്നുന്നു.

അനൃശംസ്യത്തിന്റെ അർത്ഥം ചിത്രീകരിക്കാൻ, ഭീഷ്മർ, യുധിഷ്ഠിരനോട് പറയുന്ന ഒരു കഥയുണ്ട്. ഭക്ഷണം നൽകി, സന്തോഷിപ്പിച്ച്, തനിക്ക് വാസസ്ഥാനം നൽകിയ ഒരു വൃക്ഷത്തിന്റെ പൊത്തിൽ ജീവിച്ച ഒരു തത്തയുടെ കഥയാണിത്. (XIII. 5).

ഒരിക്കൽ ഒരു വേടന്റെ വിഷാസ്ത്രം ആ വൃക്ഷത്തിൽ തറച്ചു; അതുണങ്ങുന്നു. വൃക്ഷത്തിൽ താമസിക്കുന്ന എല്ലാ ജീവജാലങ്ങളും വിട പറഞ്ഞിട്ടും തത്ത വൃക്ഷത്തിൽ നിന്ന് മാറാൻ സമ്മതിക്കുന്നില്ല. ഇതാണ് അനൃശംസ്യവും അനുക്രോശവും - ഭീഷ്മർ യുധിഷ്ഠിരനോട് പറയുന്നു. ഇത് പക്ഷേ, വളരെ അതീതമായ ഒരുദാഹരണമാവാം; എന്നാൽ, വസ്തുത സ്ഥാപിക്കാൻ ഇത് ഉപകരിക്കുന്നു. മഹാഭാരതത്തിന്റെ അന്ത്യഭാഗത്തെ സംഭവവും (XVIII 3, 7-20) ഇതിനോട് സദൃശമാണ്. രന്റെ ഏക സഹചാരിയായ നായക്ക് പ്രവേശനം നിഷേധിക്കപ്പെട്ട സ്വർഗ്ഗത്തിലേക്കു പോകാൻ യുധിഷ്ഠിരൻ വിസമ്മതിക്കുന്ന സംഭവം. വീണ്ടും, ഇതും, അനൃശംസ്യം കൊണ്ടു തന്നെ; പ്രത്യേകിച്ചും നായ ധർമ്മം തന്നെയായ നിലയ്ക്ക്.

മഹാഭാരതത്തിലെ മറ്റൊരു കേന്ദ്രസങ്കൽപമായ അഹിംസയിൽനിന്നും, ഞാൻ എങ്ങനെ അനൃശംസ്യത്തെ വേർതിരിക്കുന്നു എന്നതിനെപ്പറ്റി അൽപം സംസാരിക്കാം. സുപ്രധാനമായ ഒരു ജീവൽക്കഥയിലൂടെ ധർമ്മത്തെപ്പറ്റിയുള്ള ചലിക്കുന്ന പ്രതികരണം വിശദമാക്കുന്നതാണ്, തീർച്ചയായും, മഹാഭാരതത്തിന്റെ ശാശ്വതപ്രാധാന്യത്തിന് കാരണമായ വസ്തുതകളിലൊന്ന്. മഹാഭാരതം, സ്വയം അതിനെ ഒരു ധർമ്മസംഹിതയായി കാണുന്നു; അതായത്, ഒരു ധർമ്മവിചാര സമാഹാരം. എന്നാൽ, നമുക്ക് ഒട്ടും ക്ഷാമമില്ലാത്ത മറ്റു ധർമ്മസംഹിതകളിൽ നിന്ന് തികച്ചും വ്യത്യസ്തമാണിത്. നമുക്ക് പത്തൊമ്പത് ധർമ്മസംഹിതകളുണ്ട്. ഇവയിൽ മിക്കവയും ഇപ്പോഴും അപ്രകാശിതങ്ങളാണ്. എന്നാൽ ഈ പ്രത്യേക ധർമ്മസംഹിത മറ്റുള്ളവയിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. എന്തെന്നാൽ, സജീവമായ ഒരു കഥയിലൂടെ, ധർമ്മത്തിന്റെ വ്യത്യസ്ത സങ്കൽപ്പങ്ങളെ യഥാർത്ഥ സന്ദർഭങ്ങളിലൂടെ സജീവമാക്കിക്കൊണ്ട്, അത്, ധർമ്മപ്രതിപാദനം ചെയ്യുന്നു. ഈ പ്രത്യേക ധർമ്മസംഹിതയ്ക്ക് മറ്റുള്ളവയേക്കാൾ കൂടുതൽ ആഴം നൽകുന്നത്, ഇതിഹാസകഥയിൽ, ധർമ്മപ്രതികരണം നെയ്തെടുത്ത ഹൃദയസ്പർശിയായ രീതിയാണ്. ഈ നെയ്ത്ത്, ചരിത്രപരമായി, ഒരു അനന്തരചിന്തയാണെന്ന് പല വിമർശകരും വിചാരിക്കുന്നു. ഈ വിമർശത്തിന്റെ ഗുണവിചാരം ചെയ്യാൻ, ഞാൻ ആഗ്രഹിക്കുന്നില്ല. അനന്തരചിന്തകളെന്ന് വിളിക്കപ്പെടുന്ന ഇവയുടെ അഭാവത്തിൽ, മഹാഭാരതത്തിന്, അതിന്റെ സമ്പത്തിന്റെ ബഹുഭൂരിഭാഗവും നഷ്ടപ്പെടും എന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. ധർമ്മത്തോടുള്ള ഒഴിച്ചുകൂടാനാവാത്ത അഭിനിവേശമായും ഇതിനെ ചിത്രീകരിച്ചിട്ടുണ്ട്. ഇതിഹാസത്തിന്റെ ആഖ്യാനത്തിൽനിന്നും, ഈ ഘടകം ഒഴിവാക്കാൻ യഥാർത്ഥത്തിൽ സാധിക്കുമെന്നിരിക്കിലും, ഇത് അവിടെത്തന്നെ ഉണ്ടാവണം എന്നാണെന്റെ അഭിപ്രായം. ഇതിഹാസത്തിന്റെ അവിഭാജ്യഘടകമായിത്തന്നെ നാം ഇതിനെ കണക്കാക്കണം. ഇന്ന് നമുക്ക് മഹാഭാരതത്തിന്റെ ഒരു വിമർശപ്പതിപ്പുണ്ട്. പിന്നീട് എന്തെങ്കിലും കൂട്ടിച്ചേർത്ത ശേഷം രൂപപ്പെടുത്തുന്നതിനേക്കാളും ഉത്തമമായിരിക്കും മൂലപ്രതിപാദ്യം എന്ന ധാരണ ഒരുതരത്തിലുള്ള സാംസ്കാരിക മിഥ്യ മാത്രമാണ്; കൂട്ടിച്ചേർക്കലുകളിലൂടെ, മൂലപ്രതിപാദ്യത്തിന് അതിന്റെ ശക്തി എങ്ങനേയോ നഷ്ടപ്പെടുന്നു എന്നാണ് വിശ്വാസം. എന്നാൽ ഇന്ത്യൻ പാരമ്പര്യം കാണിക്കുന്നത് ഇതല്ല. നമുക്കുണ്ടായിരുന്ന പ്രതിപാദ്യത്തിൽ നിന്നും വാസ്തവത്തിൽ ഏറെയൊന്നും വ്യത്യസ്തമല്ലാത്ത വിമർശപ്പതിപ്പാണ് ഇന്ന് നമുക്കുള്ളത്. വിമർശപ്പ

തിപ്പ് ചിട്ടപ്പെടുത്തിയ പണ്ഡിതന്മാരും പറഞ്ഞത് ഇതു തന്നെ. അതുകൊണ്ട്, ഏറെ സമ്പന്നമായ പഴയ ആഖ്യാനം തന്നെ നമുക്ക് സ്വീകരിക്കാം. രണ്ടാമതായി മഹാഭാരതത്തിന്റെ വ്യത്യസ്തരൂപങ്ങളെപ്പറ്റിയും നാം സംസാരിച്ചു. എന്നാൽ, ചില പ്രത്യേക ലക്ഷ്യങ്ങൾക്കായി, വ്യാസൻ ഗണപതിക്കു ചൊല്ലിക്കൊടുത്ത മഹാഭാരതകഥയിലേക്ക് ഞാൻ മടങ്ങുന്നു; അങ്ങനെ ഗ്രന്ഥകർത്താവിൽനിന്ന് നേരിട്ട് പ്രതിപാദ്യം സ്വീകരിക്കുന്നു.

ഇന്നു് മഹാഭാരതത്തിൽ നമ്മെ അത്ഭുതപ്പെടുത്തുന്ന വസ്തുത, അതിലെ ധർമ്മവിചാരങ്ങളുടെ ആധിക്യമല്ല. പ്രത്യുത ധർമ്മാന്വേഷണത്തിൽ അതിനുള്ള തുറന്ന സമീപനമാണ്. വ്യക്തിതലത്തിലും, സാമൂഹ്യതലത്തിലും, ധർമ്മം എന്താണ് എന്ന ചോദ്യം തികച്ചും അടിയന്തര ചോദ്യമാവുന്ന, മനുഷ്യജീവിതത്തിലെ അഗാധമായ പ്രതിസന്ധികളുടെ നിമിഷങ്ങൾ, മഹാഭാരതം നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്നു. ഉദാഹരണമായി, ദർശനങ്ങളിലൂടെ മനുഷ്യരാശി എന്നെന്നും അന്വേഷിക്കുന്ന തരത്തിലുള്ള ലളിതങ്ങളായ ഉത്തരങ്ങൾ മഹാഭാരതം നിർദ്ദേശിക്കുന്നില്ല. ദർശനവും നിരന്തരം പരിശോധിക്കുകയും പുനഃപരിശോധിക്കുകയും ചേയ്യേണ്ടതാണെന്ന് മഹാഭാരതത്തിനറിയാം. ദർശനത്തെ നമ്മുടെ സ്വന്തം ജീവിതത്തിൽത്തന്നെ നാം വ്യാഖ്യാനിക്കണം. അനാവരണം ചെയ്യപ്പെട്ട പ്രതിപാദ്യം എന്ന് കരുതപ്പെട്ടതിൽനിന്നും ഉറവെടുത്ത പഴയ ചിന്തകളെ മഹാഭാരതം നിരന്തരം വ്യാഖ്യാനിച്ചുകൊണ്ടിരിക്കുന്നു.

മഹാഭാരതത്തിനോടൊപ്പം ഉറവെടുത്തതാണ് ചോദ്യം ചെയ്യുന്ന സ്വഭാവം എന്ന് പറയപ്പെട്ടിട്ടുണ്ട്. *ആപസ്തംബധർമ്മസൂത്രം* മഹാഭാരതത്തേക്കാൾ പുരാതനമാണെങ്കിൽ, തീർച്ചയായും അത്തരത്തിലുള്ള ഒരു സമീപനം അതിനുണ്ട്. ഈ സമീപനം പ്രതിഫലിക്കുന്ന ശ്ളോകങ്ങൾ സാധാരണയായി ഉദ്ധരിച്ചു കാണാത്തത് എന്നെ അത്ഭുതപ്പെടുത്തി. അതിനാൽ, നിങ്ങളെ അതിൽ തത്പരരാക്കാൻ എനിക്കു സാധിച്ചേക്കും. ധർമ്മം എന്താണ് എന്ന ചോദ്യത്തിനുത്തരമായി, ആപസ്തംബൻ താഴെപ്പറയുന്ന വിശിഷ്ടമായ പ്രസ്താവന ചെയ്യുന്നു:(I. 7, 6-8) ധർമ്മവും അധർമ്മവും അവയെന്തെന്ന് സ്വയം നമ്മോട് പറയുന്നില്ല. ഇത് ധർമ്മമാണെന്നും, അത് അധർമ്മമാണെന്നും നമുക്കു പറഞ്ഞുതരാൻ കഴിവുള്ള ദൈവങ്ങളോ, ഗന്ധർവ്വന്മാരോ, പിതൃക്കളോ ഇല്ല. ഈ ചോദ്യത്തിന്, ആപസ്തംബൻ സ്വയം നൽകുന്ന ഉത്തരം, ധർമ്മാധർമ്മ വിവേചനം നടത്താൻ നാം പാരമ്പര്യത്തെ അനുവദിക്കണം എന്നത്രേ. നമ്മുടെ പാരമ്പര്യമാവണം നമ്മുടെ ധർമ്മജ്ഞാന സ്രോതസ്സ്. നമ്മുടെ പാരമ്പര്യമനുസരിച്ചുവേണം, നമ്മുടെ കർമ്മങ്ങൾ നിർവ്വഹിക്കാൻ, എന്നാൽ, ധർമ്മക്ഷേത്രത്തിൽ ചോദ്യം ചെയ്യൽ ഉൾപ്പെടുത്തിയാൽ, ദർശനങ്ങൾ മാത്രമല്ല, പാരമ്പര്യങ്ങളും ചോദ്യം ചെയ്യപ്പെടും.

മഹാഭാരതം അവതരിപ്പിക്കുന്ന സാമൂഹ്യപരിതസ്ഥിതിയിൽ, പാരമ്പര്യം തികച്ചും ഗൗരവാവഹമായി ചോദ്യം ചെയ്യപ്പെടുന്ന സന്ദർഭങ്ങളുണ്ട്. ഞാൻ നിങ്ങൾക്ക് ഒരുദാഹരണം തരാം. ശാന്തിപർവ്വത്തിൽ തുലാധാരന്റേയും ജാജലിയുടേയും കഥയുണ്ട് (XII 253-256). തുലാധാരൻ, തന്റെ ധർമ്മജ്ഞാനത്തിന് കീർത്തിയാർജ്ജിച്ച സത്യസന്ധനായ ഒരു വ്യാപാരിയാണ്. ജാജലി എന്ന ഒരു താപസൻ, തുലാധാരനെ സമീപിക്കാൻ, ആകാശവാണിയാൽ നിർദ്ദേശിതനായി. തുലാധാരൻ, പാരമ്പര്യത്തെ നിശിതമായി

വിമർശിക്കുന്ന ഒരാളാണു്. പരമ്പരാചാരങ്ങളിൽ തുലാധാരൻ യാതൊരു യുക്തിയും കാണുന്നില്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, നദീപ്രവാഹത്തിൽ പല ഘട്ടങ്ങളായി ആകസ്മികമായി അകപ്പെട്ട്, പിന്നീടു് പ്രവാഹമദ്ധ്യത്തിൽ ഒത്തുചേരുന്ന മരക്കഷണ ങ്ങളെപ്പോലെയാണ്, പരമ്പരാചാരങ്ങൾ. നദീപ്രവാഹത്തിൽ അകപ്പെടാനും, പിന്നിട് ഒത്തുചേർന്ന്, ഒരു യൂഥം നിർമ്മിക്കുവാനും, യുക്തിപരമായ എന്തെങ്കിലും കാരണങ്ങ ളുണ്ടെന്ന് പറയുന്നത് തികച്ചും അസംബന്ധമാണ്. പാരമ്പര്യത്തെക്കുറിച്ച് ഇതിലും രൂക്ഷമായ വിമർശം ഒരുപക്ഷേ, ഉണ്ടാവാനിടയില്ല. വിസ്താരം, പിന്നീട്, ത്യാഗം, അഹിംസ എന്നീ ആദർശങ്ങളെക്കുറിച്ചുള്ള ചർച്ചയിലേക്ക് വഴിതിരിയുന്നു. ഹിംസാ ധിഷ്ഠിതമായ സാമൂഹ്യാചാരങ്ങളെ തുലാധാരൻ വിമർശിക്കുന്നു. പിൻവലിയലാണ് അദ്ദേഹം ഉപദേശിക്കുന്നത് - ഒരുതരത്തിലുള്ള ഉദാസീനഭാവം. നാം അന്ധരെപ്പോലെ, ബധിരരെപ്പോലെ, ലോകത്തിൽനിന്നും പിൻവാങ്ങി, സർവ്വ ജീവികളേയും സമദൃക്കാ യി വീക്ഷിച്ച്, യാതൊന്നും ആഗ്രഹിക്കാതെ, ആരെയും വെറുക്കാതെ, തന്നിൽ തന്നെ ജീവിക്കണം. എങ്കിൽ മാത്രമേ നമുക്ക് ബ്രഹ്മത്തെ പ്രാപിക്കാൻ കഴിയൂ.

അഹിംസയും അനൃശംസ്യവും തമ്മിലുള്ള വ്യത്യാസത്തിലേക്ക്, ഇവിടെ, ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കട്ടെ. വാസ്തവത്തിൽ, തുലാധാരൻ, ഉപദേശിക്കാനുദ്യമി ക്കുന്ന ആശയം അഹിംസയാണ്. നിവൃത്തിമാർഗ്ഗം, അഥവാ സന്യാസമാർഗ്ഗം എന്നു വിളിക്കപ്പെടുന്നതിന്റെ ഒരു കേന്ദ്രസങ്കൽപമാണ് അഹിംസയെന്ന ആദർശം. എന്നാ ൽ, മഹാഭാരതം, മറ്റെന്തിനെക്കാളുമേറെ, പ്രവൃത്തിമാർഗ്ഗത്തിന്റെ മഹത്തായ ആഖ്യാന മാണ്. നിവൃത്തിമാർഗ്ഗവും അഹിംസയും മഹാഭാരതത്തിന് ആകർഷണീയമാണെങ്കി ൽക്കൂടി, മഹാഭാരതം പ്രവൃത്തിമാർഗ്ഗത്തിനു വേണ്ടി വാദിക്കുന്നു. എന്തെന്നാൽ പൂർണ്ണ അഹിംസ പരിശീലിക്കാനാവില്ല. എന്തെന്നാൽ, ഗൃഹസ്ഥധർമ്മവും രാജധർമ്മവും പരി പാലിക്കാൻ, അൽപമെങ്കിലും ഹിംസ ആവശ്യമാകുന്ന നിലയിലാണ് മനുഷ്യസ്ഥിതി. അതുകൊണ്ട്, മഹാഭാരതം, അഹിംസയല്ല, അനൃശംസ്യമാണ് അനുശാസിക്കുന്നത്. ഈ ഇതിഹാസത്തിലെ പരമോന്നത സങ്കൽപങ്ങളിലൊന്നാണ് അനൃശംസ്യം - പ്രവൃ ത്തിമാർഗ്ഗത്തിലേക്ക് ചിട്ടപ്പെടുത്തിയ അഹിംസയാണ് അനൃശംസ്യം.

വിവർത്തനം - എ. പുരുഷോത്തമൻ, മുംബയ്, മാർച്ച് 17, 2003.

Original article in English, Copyright, 1987, Mukund Lath, all rights reserved. Published in *The Mahabaharata Revisited*, Papers presented at the International Seminar on the Mahabharata organized by the Sahitya Akademi at New Delhi, February 17-20, 1987, edited by R.N. Dandekar (1990).

Malayalam translation, Copyright, 2003, A. Purushothaman, all rights reserved.